## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1952

05.12.2018-ൽ മറുപടിക്ക്

### സെക്രട്ടറിയേറ്റിൽ ഫയൽ നീക്കം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിൽ ഫയൽ നീക്കം വേഗത്തിൽ നടക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | തപാൽ കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 151-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടിശ്ശിക വരുന്ന ഫയൽ/തപാലിന്റെ വിശദാംശങ്ങൾ മേലുദ്യോഗസ്ഥനെ എല്ലാ മാസാദ്യവും അറിയിക്കണമെന്ന് ഖണ്ഡിക 152-ലും വ്യവസ്ഥയുണ്ട്. സമയാസമയങ്ങളിൽ പെഴ്സണൽ രജിസ്റ്റർ പരിശോധിച്ച് തപാലുകളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സെക്ഷൻ ഓഫീസർമാർ ഉറപ്പാക്കണമെന്ന് സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 218-ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ഒരു അസിസ്റ്റന്റിന്റെ അഭാവത്തിൽ മറ്റ് അസിസ്റ്റന്റുമാരുടെ സഹായത്തോടെ തപാലുകളിൽ നടപടി സെക്ഷൻ ഓഫീസർ |
| (ബി) | ന്യായമായ കാരണങ്ങൾ ഇല്ലാതെ ഫയൽ വെച്ച് താമസിപ്പിക്കുന്നത് പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന് ഖണ്ഡിക 10-ലും വ്യവസ്ഥയുണ്ട്. 24.2.2003 ലെ സ.ഉ. (എം.എസ്.) നം. 3/2003/ഉ.ഭ.പ.വ. പ്രകാരം സുപ്രധാനമായ വിഷയങ്ങളിൽ സെക്ഷൻ ഓഫീസർ മുതൽ അന്തിമ തീരുമാനം എടുക്കുന്ന ഉദ്യോഗസ്ഥൻ/മന്ത്രി വരെയുള്ള ഉദ്യോഗസ്ഥ ശ്രേണി പരമാവധി 2 തട്ടിൽ കൂടുതൽ ഉണ്ടാകാൻ പാടില്ലായെന്നും, സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രി വരെ ഫയൽ കൈമാറുന്നതിന് 10 ദിവസത്തെ സമയപരിധി കല്പിച്ചുകൊണ്ടും, ഉപദേശക വകുപ്പുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഭരണ വകുപ്പുകൾക്ക് ഉപദേശം നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഫയൽ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ അതേ ഡിപ്പാർട്ട്മെന്റിലെ ഒരേ കാറ്റഗറി/പോസ്റ്റിലെ മറ്റൊരുദ്യോഗസ്ഥനെ ലിങ്ക് ഓഫീസറായി അതത് വകുപ്പിലെ സെക്രട്ടറിമാർക്ക് നിയോഗിക്കാവുന്നതാണെന്ന് 03.06.17 ലെ സ.ഉ. (എം.എസ്.) നം. 14/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. മന്ത്രിമാർ പങ്കെടുക്കുന്ന മീറ്റിംഗുകളിലെ തീരുമാനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ട് 24.7.18 ലെ റൂൾസ്-2/94/2018/ഉ.ഭ.പ.വ. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഇ-ഗവേണൻസിന്റെ ഭാഗമായി രൂപപ്പെടുന്ന നൂതന ഭരണ സംവിധാനങ്ങൾക്ക് അനുസൃതമായി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ട് ഉത്തരവുകളും, പരിപത്രങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഫയൽ നീക്കം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ